# പതിനാലാം കേരള നിയമസഭ

## അഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ.499 | 18/05/2017-ൽ മറുപടിക്ക്

## കായംകുളം നിലയത്തിൽ സോളാർ വൈദ്യുതോല്പാദന പദ്ധതി

| | ചോദ്യം<br>ശ്രീ.എൻ. ഷംസുദ്ദീൻ<br>,, പി.ഉബൈദുള്ള<br>,, പി.കെ.ബഷീർ<br>,, പാറക്കൽ അബ്ദുല്ല | | ഉത്തരം<br>ശ്രീ. എം.എം.മണി<br>(വൈദ്യുതി വകുപ്പ മന്ത്രി) |
|---|---|---|---|
| (എ) | കായംകുളം വൈദ്യുതി നിലയം സോളാർ വൈദ്യുതോല്പാദന പദ്ധതി നടപ്പിലാക്കാൻ ആലോചിക്കുന്നുണ്ടോ; | (എ)<br>&<br>(ബി) | എൻ.ടി.പി.സി കായംകുളം വൈദ്യുതി നിലയത്തോടനുബന്ധിച്ച് സോളാർ വൈദ്യുതോല്പാദന , പദ്ധതി നടപ്പിലാക്കാനുള്ള പ്രാരംഭ നടപടികൾ ആരംഭിച്ചിട്ടുണ്ടെന്ന് എൻ.ടി.പി.സി അറിയിച്ചിട്ടുണ്ട്. 170 മെഗാ വാട്ട് സോളാർ പദ്ധതി, മത്സരാധിഷ്ഠിത ടെണ്ടറുകളിലൂടെ ഏറ്റവും കുറഞ്ഞ നിരക്കിൽ ഉല്പാദിപ്പിക്കാൻ കഴിയുമോ എന്ന് പരിശോധിക്കാൻ കെ.എസ്.ഇ. ബി.എൽ എൻ.ടി.പി.സി യോട് നിർദ്ദേശിച്ചിട്ടുണ്ട്. |
| (ബി) | എങ്കിൽ ഈ പദ്ധതിയുടെ വിശദ വിവരങ്ങൾ സംസ്ഥാന സർക്കാരുമായി പങ്കുവച്ചിട്ടുണ്ടോ; | | |
| (സി) | പരിസ്ഥിതി സൗഹൃദവും ചെലവുകുറഞ്ഞതുമായ ഈ പദ്ധതിയുമായി സഹകരിക്കാൻ വൈദ്യുതി ബോർഡ് തയ്യാറാകുമോ; അതിന് അനുകൂലമായ നടപടി സർക്കാരിന്റെ ഭാഗത്തു നിന്നും ഉണ്ടാകുമോ? | (സി) | ടി പദ്ധതിയിൽ നിന്നും ഉൽപ്പാദിപ്പിക്കുന്ന സൗരോർജ്ജ വൈദ്യുതി ഉപാധികളോടെ വാങ്ങുവാൻ വൈദ്യുതി ബോർഡ് തയ്യാറാണെന്ന് എൻ.ടി.പി.സി.യെ അറിയിച്ചിട്ടുണ്ട്. എൻ.ടി.പി.സി മത്സരാധിഷ്ഠിത ടെണ്ടർ മുഖേന കണ്ടെത്തുന്നതും കെ.എസ്.ഇ.ബി. ലിമിറ്റഡിന് താങ്ങാവുന്നതും, കെ.എസ്.ഇ.ആർ.സി അംഗീകരിക്കുന്നതുമായ നിരക്കിൽ വൈദ്യുതി വാങ്ങുന്ന കാര്യം പരിശോധിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ